സമർപ്പിച്ചിട്ടുണ്ട്. അത് ഉടനെ അനുവാദം കിട്ടുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. അനുവാദം കിട്ടുന്ന മുറയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയും.

(12) ശാസ്താംകോട്ട പഞ്ചായത്തിലെ പരമേശ്വരന്റെ കൊലപാതകം

ശ്രീ. സി. കെ. തങ്കപ്പൻ : സർ, കഴിഞ്ഞ ജൂൺ 14-ാം തീയതി തുടങ്ങിയ കശുവണ്ടിത്തൊഴിലാളി സമരത്തിന്റെ ഭാഗമായി സെപ്റ്റംബർ മാസം 13-ാം തീയതി ശാസ്താംകോട്ട വിനോദ് ഫാക്ടറിയിൽ നിന്നും തൊഴിലാളികളുടെ അവകാശങ്ങളും നിഷേധിച്ചുകൊണ്ട് വിനോദ് എന്ന മുതലാളി പരസ്യമായി പകൽ കടത്തിക്കൊണ്ടുവന്ന കശുവണ്ടിപ്പരിപ്പും ലോറിയും ശാസ്താംകോട്ട കവലയിൽ വച്ച് തൊഴിലാളികളും തടഞ്ഞു. ആ കൂട്ടത്തിൽ കല്ലുംപുറത്ത് വടക്കേതിൽ പരമേശ്വരനും അടുത്തുള്ള ആൻറണിയും ഉണ്ടായിരുന്നു. ഇത് സെപ്റ്റംബർ 13-ാം തീയതിയാണ്. അവിടെവച്ച് അറസ്റ്റ് ചെയ്ത് തൊഴിലാളികളെ ശൂരനാട് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. കരുനാഗപ്പള്ളി സർക്കിളും ചവറ എസ്. ഐ. യും ചേർന്ന് പരമേശ്വരനേയും ആൻറണിയേയും ചവറ സ്റ്റേഷനിൽ കൊണ്ടുപോയി. മൂന്നു മണിക്കൂറു കൊണ്ട് പരമേശ്വരനെ മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തി. അടിയേറ് തളർന്നു വീണ ആൻറണി ഇന്നും അവശ നിലയിൽ കഴിയുകയാണ്. ഈ കൊലക്കുറ്റത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പരമേശ്വരന് ഹാർട്ട് അറ്റാക്കാണെന്ന് കെട്ടുകഥ പ്രചരിപ്പിച്ചു. ഒരു ഹരിജൻ കുടുംബത്തിന്റെ ആകെ സ്വത്താണ് പരമേശ്വരൻ. ഈ കൊലയാളികളുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്ത് അറസ്റ്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സമരത്തിൽ പങ്കെടുത്ത് ലോറി പിക്കറ് ചെയ്ത കുറ്റവാളികളെ പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി താമസിപ്പിക്കുകയും പിറ്റേദിവസം കാലത്ത് അയാൾക്ക് സുഖമില്ലെന്നറിഞ്ഞ് അദ്ദേഹത്തെ പബ്ലിക് ഹെൽത്ത് സെൻറിൽ കൊണ്ടുപോവുകയും ചെയ്തു. അവിടെവച്ച് പരിശോധിച്ചപ്പോൾ നെഞ്ചുവേദന കൂടുതലാണെന്ന് കണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി. ഹോസ്പിറ്റലിൽ വച്ച് അയാൾ മരിച്ചു. പോസ്റ്റ് മാർട്ടത്തിൽ ഹാർട്ട് ഫെയിലുവർ ആണെന്ന് വളരെ ക്ലിയറായി റിക്കാർഡ് ചെയ്തിട്ടുണ്ട്. പോലീസ് അയാളെ മർദ്ദിച്ചിട്ടില്ല. അത് അടിസ്ഥാനരഹിതമായ ആരോപണമാണ്. അതിൻമേൽ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(13) വ്യാസപുരാണം എന്ന നാടകത്തിനു ചെലവാക്കുന്ന തുക.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ ആപത്ത് പറ്റുകയും മരണമടയുകയും ചെയ്യുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും പൈസയില്ലാതിരിക്കെ 'വ്യാസപുരാണം' എന്ന പേരിൽ മൽസ്യത്തൊഴിലാളികളുടെ ജീവിതവുമായി ഒരു ബന്ധവും ഇല്ലാത്ത ഒരു നാടകം അവതരിപ്പിക്കുന്നതിന് ലക്ഷക്കണക്കിന് രൂപ ധൂർത്തടിക്കുന്നതിലും മൽസ്യഫെഡിന്റെ വാഹനം ദുരുപയോഗപ്പെടുത്തുന്നതിലും മൽസ്യത്തൊഴിലാളികളുടെ ഇടയിൽ വലിയ അമർഷം ഉണ്ടായിരിക്കുകയാണ്. ആറുകോടി രൂപ അടുത്തകാലത്തായി ഇതിന്റെ വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുന്നതിനുമായി ലോണെടുത്തിട്ടുള്ളതിനെയാണ് ഈ വകയായി ചെലവഴിക്കുന്നത്. ഈ നടകം ഒരു ദിവസം അവതരിപ്പിക്കുന്നതിന് അയ്യായിരം രൂപയോളം ചെലവാകും. അതിലുപരി നൂറു നാടകം ഒരുമിച്ച് അവതരിപ്പിക്കുന്നതിനുവേണ്ടി മൊത്തം തുക അഡ്വാൻസായി കൊടുക്കണമെന്ന് ആവശ്യപ്പെട്ട് റിക്വസ്റ്റ് എഴുതിക്കൊടുത്തിരിക്കുകയാണ്. അതിനുപരിയായി മൂന്നു ലക്ഷം രൂപ ഇതിന്റെ ഉപകരണങ്ങൾ വാങ്ങുന്നതിന് ലോണായിട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ മൽസ്യത്തൊഴിലാളികൾ ദുഃഖിതരാണ്. അവരുടെ അമർഷം പ്രകടിപ്പിക്കുന്നതിനും ഇതിന് കാരണക്കാരായിട്ടുള്ളവരെ കണ്ടുപിടിച്ച് അവരുടെപേരിൽ നടപടിയെടുത്ത് ഈ ധൂർത്ത് അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ദുർബ്ബലവിഭാഗത്തിൽപ്പെടുന്ന മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് ബോധവൽക്കരണം അത്യാവശ്യമാണ്, അതിന് നാടകം ഒരു ശക്തമായ മാദ്ധ്യമമാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. 1,000 ഗ്രന്ഥങ്ങൾ വായിച്ചാലുണ്ടാകുന്ന പരിജ്ഞാനം വെറും ഒരു നാടകം കണ്ടാലുണ്ടാകുമെന്ന് സുപ്രസിദ്ധ നാടകകൃത്തും ഇൻഡ്യയുടെ ആസ്ഥാന കവിയുമായ ശ്രീ. രവീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുണ്ട്. മൽസ്യത്തൊഴിലാളികളും ഇടത്തരക്കാരായ കൃഷകരെ ഒറ്റപ്പെടുത്തി സഹകരണസംഘങ്ങളിലൂടെ ശക്തിയാർജ്ജിക്കുന്നതാണ് വ്യാസപുരാണത്തിലെ പ്രമേയം. ഞാനീ നാടകം കണ്ടതാണ്. മൽസ്യത്തൊഴിലാളികളുടെ ജീവൽപ്രശ്നങ്ങളും യാഥാർത്ഥ്യ ബോധത്തോടെ അവതരിപ്പിച്ചിട്ടുള്ളൊരു നാടകമാണ് ഇത്. ഈ നാടകം കാണാൻ എല്ലാ എം.എൽ.എ.മാരെയും ഞാൻ ആത്മാർത്ഥമായി ക്ഷണിക്കുകയാണ്. ഇത് ടിക്കറ്റ് വച്ചുള്ള നാടകമൊന്നുമല്ല. ഈ നാടകം നടത്തുന്നതിന് ഗവൺമെൻറിനോ മൽസ്യഫെഡിനോ സാമ്പത്തിക ബാദ്ധ്യതയൊന്നുമില്ല. എൻ.സി.ഡി.സി. പദ്ധതികളും നടപ്പാക്കുന്ന ഗ്രാമങ്ങളുടെ ബോധവൽക്കരണ പരിപാടികൾക്ക് അവർ പ്രത്യേകം സാമ്പത്തിക സഹായം നൽകുന്നുണ്ട്, അതുപയോഗിച്ചാണ് ഇതു നടത്തുന്നത്. മൽസ്യഫെഡിന്റെ വാഹനം ഉപയോഗിക്കുന്ന സന്ദർഭങ്ങളിൽ അതിന് ചാർജ്ജ് ഈടാക്കുന്നുണ്ട്, അതുകൊണ്ട് ഇതിൽ ധൂർത്തിന്റെ പ്രശ്നമില്ല. മറ്റു വലിയ പരിപാടികൾക്കുള്ള പണം ഇതിന് വിനിയോഗിക്കാറുമില്ല.

(14) കൃഷിഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കേരളത്തിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് നടപ്പിലാക്കണം എന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. 1979-ൽ കേരള ഗവൺമെൻറ് കൃഷിഫാമിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്ക്കരിക്കാം എന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ ശമ്പള പരിഷ്ക്കരണത്തിൽ അപാകതയുണ്ടെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1980-ൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് സമർപ്പിക്കുന്നതിന് 1983-ൽ അഗ്രിക്കൾച്ചറൽ സ്പെഷ്യൽ സെക്രട്ടറി ശ്രീ. ചന്ദ്രശേഖരൻ നായർ, കൺവീനറായി ഒരു കമ്മീഷനെ നിയോഗിക്കുകയും ചെയ്തു. 1985 ഒക്ടോബറിൽ ഇതിന്റെ റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പി.ഡബ്ലിയു.ഡി-യിലെ എൻ.എം.ആർ. തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണത്തോടുകൂടി 1966-ൽ ആണ് കൃഷിഫാമിലേയും തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly